(ബി) ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-ൽ ആണ് ആദ്യ ഗഡു തുക അനുവദിച്ചത്. നിലവിൽ പൂർത്തീകരിച്ച ഇനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി, ജല സംവിധാനം എന്നിവ ആവശ്യമാണ്. ഇതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. അനുമതി ലഭിച്ചാലുടൻ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

(ഡി) മണിയാറിന്റെ രണ്ടാംഘട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പത്തനംതിട്ട ഡി.ടി.പി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ ഉല്ലാസ ബോട്ടുകൾ

320 (1018) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഉല്ലാസ ബോട്ടുകൾക്ക് ഏകീകൃത നിരക്ക് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിന് എന്താണ് തടസ്സമെന്നത് വ്യക്തമാക്കുമോ ;

(ബി) പല സ്വകാര്യ ഉല്ലാസ ബോട്ട് സർവ്വീസുകളും യാത്രക്കാരിൽനിന്നും കനത്ത തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏകീകൃത നിരക്ക് നിലവിലില്ലായെങ്കിൽ ഇത്തരത്തിൽ ഒരു നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ഉല്ലാസ ബോട്ടുകളുടെ യാത്രാ നിരക്ക് നിശ്ചയിക്കുന്നത് സർക്കാർ തലത്തിൽ അല്ല.

(ബി) ഇല്ല.

(സി) ബോട്ടുടമകളുടെ സംഘടനകളുമായും ബന്ധപ്പെട്ട ഇതര വകുപ്പുകളുമായും കൂടിയാലോചിച്ച ശേഷമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly